(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇതേ കാലയളവിൽ ശുദ്ധജല വിതരണ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക വകയിരുത്തുകയുണ്ടായിട്ടുണ്ട്;

(ഡി) എത്ര തുക ഇതിൻപ്രകാരം ചെലവഴിക്കുകയുണ്ടായി;

(ഇ) എത്ര പദ്ധതികൾ പൂർത്തീകരിക്കുകയുണ്ടായി; വിശദവിവരം നൽകുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന വിവിധ പ്രദേശങ്ങൾ

106 [5370] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എന്ത് അളവ് ശുദ്ധജലമാണ് ആവശ്യമുള്ളത്;

(ബി) പ്രതിദിനം എന്ത് അളവ് ശുദ്ധജലമാണ് കേരളാ വാട്ടർ അതോറിറ്റി സംസ്ഥാനത്ത് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; ജില്ലയും പദ്ധതിയും തരംതിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നത് കഴിച്ച് ബാക്കി അളവ് വെള്ളത്തിന്റെ സ്രോതസ്സ് ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന നഗരങ്ങൾ, ടൗണുകൾ, പഞ്ചായത്തുകൾ എന്നിവ എത്ര ഉണ്ടെന്ന് വെളിപ്പെടുത്തുമോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2001-ലെ സെൻസസ് പ്രകാരം നഗരപ്രദേശങ്ങളിലെ ജനസംഖ്യയ്ക്ക് ശരാശരി 150 എൽ. പി. സി. ഡി. പ്രകാരം 1240 എം. എൽ. ഡി.-യും ഗ്രാമ പ്രദേശങ്ങളിലെ ജനസംഖ്യയ്ക്ക് ശരാശരി 40 എൽ. പി. സി. ഡി. പ്രകാരം 943 എം. എൽ. ഡി.-യും ആണ് ആവശ്യം. സംസ്ഥാനത്തിന് ആകെ ആവശ്യമായ ശുദ്ധജലത്തിന്റെ അളവ് 2183 എം. എൽ. ഡി. ആണെന്ന് കണക്കാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിദിനം കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ശുദ്ധജല വിതരണ പദ്ധതികൾ പ്രകാരം 1400 മുതൽ 1500 എം. എൽ. ഡി. വരെ ജലം വിതരണം നടത്തുന്നുണ്ട്. ജല അതോറിറ്റിയുടെ വിവിധ പദ്ധതികൾ മുഖേന വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ അളവ് ജില്ല തിരിച്ച് അനുബന്ധം 'എ' -യിൽ കൊടുത്തിരിക്കുന്നു.†

(സി) പരമ്പരാഗത സ്രോതസ്സുകളും, ഭൂഗർഭ ജലവും, മഴവെള്ളക്കൊയ്ത്ത് തുടങ്ങിയവയും സ്രോതസ്സുകളായി ഉപയോഗിക്കുന്നു.

(ഡി) സംസ്ഥാനത്ത് 991 പഞ്ചായത്തുകൾക്കും 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും 53 മുനിസിപ്പാലിറ്റികൾക്കും പൂർണ്ണമായ അളവിൽ ആവശ്യമായ ശുദ്ധജലം നൽകാൻ സാധിച്ചിട്ടില്ല. മുഴുവൻ പ്രദേശങ്ങളിലും മിതമായ തോതിലെങ്കിലും കുടിവെള്ളമെത്തിക്കാനായി ധനലഭ്യതയ്ക്കുവിധേയമായി പദ്ധതികൾ ആസൂത്രണം ചെയ്ത് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

കായലുകൾ ശുദ്ധജലവിതരണത്തിനുള്ള ജലസ്രോതസ്സുകളായി വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ

107 [5372] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന ശുദ്ധജലക്ഷാമം കണക്കിലെടുത്ത് കായലുകൾ ശുദ്ധജല വിതരണത്തിനുള്ള സ്ഥിരം ജലസ്രോതസ്സുകളായി വികസിപ്പിച്ചെടുക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും സർവ്വേകളോ പര്യവേഷണ പ്രവർത്തനങ്ങളോ ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം കായലുകളാണ് ശുദ്ധജലവിതരണത്തിനുള്ള സ്ഥിരം ജലസ്രോതസ്സുകളായി വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണിക്കായൽ ശുദ്ധജലവിതരണത്തിനുള്ള സ്ഥിരമായ ഒരു ജലസ്രോതസ്സായി വികസിപ്പിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച പ്രാരംഭ ജോലികൾ പൂർത്തിയായിട്ടുണ്ടോ;

(ജി) വിശദാംശം വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly